# ജപ്പാൻ, പാപുവ ന്യൂ ഗിനിയ, ഓസ്‌ട്രേലിയ എന്നിവിടങ്ങളിലെ സന്ദർശനത്തിന് മുന്നോടിയായുള്ള പ്രധാനമന്ത്രിയുടെ വിടവാങ്ങൽ പ്രസ്താവന

മെയ് 19, 2023

ജപ്പാൻ പ്രധാനമന്ത്രി ബഹുമാന്യനായ മിസ്റ്റർ ഫ്യൂമിയോ കിഷിദയുടെ ക്ഷണപ്രകാരം ഞാൻ ജപ്പാനിലെ ഹിരോഷിമയിലേക്ക് പോകും. ഇന്ത്യ-ജപ്പാൻ ഉച്ചകോടിക്കായി അടുത്തിടെ ഇന്ത്യ സന്ദർശിച്ച ശേഷം പ്രധാനമന്ത്രി കിഷിദയെ വീണ്ടും കാണുന്നത് സന്തോഷകരമാണ്. ഈ വർഷം ഇന്ത്യ ജി20 അദ്ധ്യക്ഷത വഹിക്കുന്നതിനാൽ ഈ ജി7 ഉച്ചകോടിയിലെ എന്റെ സാന്നിധ്യം വളരെ അർത്ഥവത്താണ്. ലോകം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും അവയെ കൂട്ടായി അഭിസംബോധന ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജി7 രാജ്യങ്ങളുമായും ക്ഷണിക്കപ്പെട്ട മറ്റ് പങ്കാളികളുമായും കാഴ്ചപ്പാടുകൾ കൈമാറാൻ ഞാൻ ആഗ്രഹിക്കുന്നു. ഹിരോഷിമ ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്ന ചില നേതാക്കളുമായും ഞാൻ ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും.

ജപ്പാനിൽ നിന്ന്, ഞാൻ പാപുവ ന്യൂ ഗിനിയയിലെ പോർട്ട് മോർസ്ബി സന്ദർശിക്കും. ഇത് എന്റെ ആദ്യ സന്ദർശനമാണ്, കൂടാതെ ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ ആദ്യ പാപുവ ന്യൂ ഗിനിയ സന്ദർശനം കൂടിയാണ് 2023 മെയ് 22 ന്, പാപ്പുവ ന്യൂ ഗിനിയയുടെ പ്രധാനമന്ത്രി ബഹുമാന്യനായ ജെയിംസ് മറാപെയുമായി സംയുക്തമായി, ഫോറം ഫോർ ഇന്ത്യ-പസഫിക് ഐലൻഡ്സ് കോ ഓപ്പറേഷന്റെ (എഫ്.ഐ.പി.ഐ.സി. III ഉച്ചകോടി) 3-ആമത് ഉച്ചകോടിക്ക് ഞാൻ ആതിഥേയത്വം വഹിക്കും. ഈ സുപ്രധാന ഉച്ചകോടിയിൽ പങ്കെടുക്കാനുള്ള ക്ഷണം 14 പസഫിക് ദ്വീപ് രാജ്യങ്ങളും (പി.ഐ.സി.) സ്വീകരിച്ചതിൽ ഞാൻ നന്ദിയുള്ളവനാണ്. 2014-ൽ ഞാൻ ഫിജി സന്ദർശിച്ച സമയത്താണ് എഫ്.ഐ.പി.ഐ.സി. ആരംഭിച്ചത്. കാലാവസ്ഥാ വ്യതിയാനവും സുസ്ഥിര വികസനവും, ശേഷി വർദ്ധിപ്പിക്കലും പരിശീലനവും, ആരോഗ്യവും ക്ഷേമവും, അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക വികസനവും പോലെ,

ഞങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്ന വിഷയങ്ങളിൽ പി.ഐ.സി. നേതാക്കളുമായി ആശയങ്ങൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എഫ്.ഐ.പി.ഐ.സി. ചർച്ചകൾ കൂടാതെ, പാപ്പുവ ന്യൂ ഗിനിയ ഗവർണർ ജനറൽ സർ ബോബ് ഡാഡേ, പ്രധാനമന്ത്രി മറാപെ, ഉച്ചകോടിയിൽ പങ്കെടുക്കുന്ന മറ്റ് ചില പി.ഐ.സി. നേതാക്കൾ എന്നിവരുമായുള്ള എന്റെ ഉഭയകക്ഷി ആശയവിനിമയങ്ങൾക്കായി ഞാൻ കാത്തിരിക്കുകയാണ്.

അതിനുശേഷം, പ്രധാനമന്ത്രി അൽബനീസിന്റെ ക്ഷണപ്രകാരം ഞാൻ ഓസ്ട്രേലിയയിലെ സിഡ്നിയിലേക്ക് പോകും. ഈ വർഷം മാർച്ചിൽ ന്യൂഡൽഹിയിൽ നടന്ന ഞങ്ങളുടെ ആദ്യ ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയെ പിന്തുടരുന്നതിനും നമ്മുടെ ഉഭയകക്ഷി ബന്ധങ്ങൾ വിലയിരുത്തുന്നതിനുമുള്ള അവസരമായ ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്കായി ഞാൻ കാത്തിരിക്കുകയാണ്. ഓസ്ട്രേലിയൻ സി.ഇ.ഒ.-മാരുമായും ബിസിനസ്സ് മേധാവികളുമായും ഞാൻ സംവദിക്കുകയും ഒരു പ്രത്യേക പരിപാടിയിൽ സിഡ്നിയിലെ ഇന്ത്യൻ സമൂഹത്തെ കാണുകയും ചെയ്യും.

**ന്യൂ ഡൽഹി**

**മെയ് 19, 2023**